പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**ദീൻ ദയാൽ ഗ്രാമീൺ കൗശല്യായോജന**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1382 — 02.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി തുടങ്ങുന്ന ദീൻ ദയാൽ ഗ്രാമീൺ കൗശല്യാ യോജന പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ ; | (എ) | കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന (ആജീവിക സ്കിൽസ്)യിലൂടെ 18-35 ഇടയിൽ പ്രായമുള്ള യുവതിയുവാക്കൾക്കും 45 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾക്കും വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയും തുടർന്ന് സംഘടിത മേഖലയിൽ ജോലി നൽകുകയും ചെയ്യുന്നു. മൂന്ന് മുതൽ പന്ത്രണ്ട് മാസം വരെയുള്ള പരിശീലന കാലയളവിൽ തൊഴിൽ പരിശീലനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷ, കമ്പ്യൂട്ടർ, സോഫ്റ്റ് വെയർ എന്നിവയിലും പരിശീലനം നൽകി എൻസിവിറ്റി/എസ്എസ്സി സർട്ടിഫിക്കറ്റും നൽകുന്നു. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗ്രാമീണ യുവജനങ്ങൾ ആയതുകൊണ്ട് പരിശീലനം പൂർണമായും സൗജന്യമാണ്. 30,000 പേർക്ക് തൊഴിൽ പരിശീലനം നൽകുവാനാണ് പ്രഥമ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. |
| (ബി) | സംസ്ഥാനത്ത് എവിടെയൊക്കെ ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ; | (ബി) | പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞു. എല്ലാ ജില്ലകളിലും പദ്ധതിയുടെ ഭാഗമായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചു. എല്ലാ ജില്ലകളിലും പഞ്ചായത്ത് പ്രസിഡന്റുമാർക്കും സിഡിഎസ് ചെയർപേഴ്സൺ മാർക്കും പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 23 ഏജൻസികൾക്കും പരിശീലനം നടത്തുവാൻ അംഗീകാരം നൽകിയതിൽ, നാലെണ്ണം പരിശീലന സെന്ററുകൾ സ്ഥാപിക്കുകയും 'കിറ്റക്സ്' എന്ന സ്ഥാപനം എറണാകുളത്ത് പരിശീലനം ആരംഭിക്കുകയും ചെയ്തു. മറ്റു ഏജൻസികൾ 2015 ജൂൺ മാസം 30-ാം തീയതിയോടെ പരിശീലനം തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇതിനായുള്ള കേന്ദ്രഫണ്ടും സംസ്ഥാനഫണ്ടും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ? | (സി) | പദ്ധതിക്കായി 2014-15 ൽ 120 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതമായി അനുവദിച്ചു. അതിന്റെ 50% തുകയായ 60 കോടി രൂപ കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്രത്തിന്റെ വിഹിതം 75% വും, സംസ്ഥാനത്തിന്റെ വിഹിതം 25% വുമാണ്. |

സെക്ഷൻ ഓഫീസർ